# വിശുദ്ധ ദനഹാ പെരുന്നാളിൽ
# വെള്ളം ശുദ്ധീകരിക്കുന്ന ക്രമം

## ( പ്രദക്ഷിണ ഗീതം )

യോഹന്നാൻ തൻ സ്തുതി ഗീതം
യോർദ്ദാൻ നദിയിൽ മുഴങ്ങുന്നു
താതനു തിരു ഹിതമിയലുന്ന
ദൈവത്തിന്നജ പോതമിതാ
പാവന റൂഹായിവനുപരി
പ്രാവെന്ന വിധം വെളിവായി
സ്വജനത്തൊടു പുറജാതികളേ!
ബഹുതര ഭാഷാ ഭാഷികളേ!
സ്തുതി ചെയ്തവനെ സ്തോത്രത്താ-
ലനവരതം നതി ചെയ്തീടിൻ

## എനിയോനോ - അൽയൂറെദിനോൻ

നദി യോർദ്ദാനിൽ താതൻ വാനതിലാർത്തു
പ്രീതിയെഴും മൽ വൽസലനാം തനയനിവൻ
നൃപ മശിഹാ തൻ സ്നാനത്താൽ തിരുസഭയെ
സുതരെ മോദാൽ വൈദികരാലണിയിക്ക
വിനയ സമേതം സ്നാനം കൈക്കൊണ്ടുലകി-
ന്നമലത ചേർത്തോൻ പരിശുദ്ധൻ ബഹുധന്യൻ
നദി യോർദ്ദാനിൽ തനയൻ തൻ തലയിന്മേൽ
റൂഹായെക്കണ്ടാശ്ചര്യം ജനമാണ്ടു
താതൻ കതിരേ! ശുദ്ധി ജഗത്തിന്നരുളാൻ
യോർദ്ദാനാർന്നോരൊളിയേ! നിൻ പ്രഭ ധന്യം
പ്രഭയിൻ സുതരേ! സുപ്രഭ ജാതം ചെയ്തു
ഇപ്രഭ തന്നിൽ മോദിപ്പാൻ കാത്തിടുവിൻ
മണവാളൻ തൻ മണവറയിൽ ക്ഷണമുള്ളോർ
നിങ്ങൾ ചാർത്തിൻ സമുചിതമാം വസനങ്ങൾ

നദി യോർദ്ദാനേ! മോദിച്ചീടുക നിന്നിൽ
സ്നാനമതേറ്റു രക്ഷകനാകും മശിഹാ
പിതൃ സുത റൂഹാ വിമലതയിൽ മൂന്നാകും
ക്നൂമാ യോർദ്ദാൻ നദി തന്നിൽ ഘോഷിതമായ്
ബാറെക്മോർ - ശുബഹോ . . . മെന - ഓലം . . .
സ്വയമുൽഭൂതാ ആദിയുമന്തവുമെന്യേ
ത്രിത്വമതാകും പിതൃ സുത റൂഹാ! സ്തുതി തേ
മൊറിയോ . . .

## കൂക്കോയോ

ചേർത്തു സലിലം യോഹന്നാൻ സ്നാനത്തിനായ്
മുങ്ങീ ശുദ്ധീകരണം ചെയ്തതിനുൾ മശിഹാ
നീരിൽ നിന്നും തീരത്തേറുമ്പോൾ
അവനെ മാനിച്ചവനിയുമംബരവും
കതിരോൻ കതിരുകൾ ചായിച്ചു താര-കൾ കൂപ്പി
ആറ്റിൻ നിരയോടൂറ്റുകളെ വാഴ്ത്തിയ ദൈവത്തെ
ഹാലേലുയ്യ . . . ഉ - ഹാലേലുയ്യാ

നീരാട്ടം മണവാട്ടി കഴിച്ചേറുന്നേരം
കാത്തങ്ങവനീശൻ ദാവീദാറ്ററികിൽ നിന്നു
വീണയിലേവം പാടീ വിമല സഭേ
അഗതീ ത്വരിതം ശ്രീയാർന്നോളേ നിൻ
രൂപം ഭൂപതി മോഹിപ്പാൻ പിതൃ ജന ഗേഹങ്ങൾ
കൈവിട്ടീടുക നീ രാജ്ഞീ പദമാർജ്ജിച്ചല്ലോ
ഹാലേലുയ്യ . . . ഉ - ഹാലേലുയ്യാ

ബാറെക്മോർ - ശുബഹോ . . . മെന - ഓലം . . .

സ്നാനം ചെയ്വാൻ സുതനീശൻ യോർദ്ദാൻ പൂകി
തീയും വിറകും കൂടാതെ ജലമൂഷ്മളമായി
വൈദികനെപ്പോൽ വന്നിഹ യൂഹനോൻ
ഉടയോൻ തല മേൽ വച്ചു വലതു കരം

പ്രാവെന്നോണം റൂഹ്ക്കുദിശാ പാറിത്താണു
യോർദ്ദാൻ നദിയിലെ നീരിന്മേൽ ചെയ്താനാവാസം
ഹാലേലുയ്യ . . . ഉ - ഹാലേലുയ്യാ
പരിശുദ്ധൻ പരിശുദ്ധസുതൻ വിമലൻ ശ്രേഷ്ഠൻ
ദൈവത്തിന്നാദിമ വചനം ശുദ്ധി നമുക്കേകാൻ
സ്നാനത്തിന്നായ് വന്നിഹ നമ്മളുടെ
പാപം പോക്കാൻ സലിലത്തെ വാഴ്ത്തി
സാക്ഷാൽ ദൈവമിവൻ ദോഷം മായിക്കുന്നോൻ
സ്തുതി തേ യോർദ്ദാൻ സ്നാനത്തിൽ തിരു ഹിതമാർന്നോനേ
ഹാലേലുയ്യ . . . ഉ - ഹാലേലുയ്യാ

## സുമ്മോറോ

സാഗരമേ! എന്തിനു നീ പാഞ്ഞു
യോർദ്ദാനേ! എന്തിനു നീ പിൻവാങ്ങി

## പെത്ഗോമൊ

ഹലേലുയ്യാ - ഉ - ഹലേലുയ്യാ നിന്നെ ദർശിച്ചു ജലം ദേവേശാ
നിന്നെ ദർശിച്ചു ജലം ഭീയാർന്നു - ഹലേലുയ്യാ

## ഏവൻഗേലിയോൻ

വി. യോഹന്നാൻ 4 : 4-42

## സ്ലീബാ ആഘോഷം

**കിഴക്ക്**

**പട്ടക്കാരൻ:** ദൂതന്മാർ സേവിപ്പോനേ!
**ജനം:** ഈശാ നീ പരിശുദ്ധൻ
**പട്ടക്കാരൻ:** ക്രോബേന്മാർ വാഴ്ത്തുന്നോനേ!
**ജനം:** ശക്താ നീ പരിശുദ്ധൻ
**പട്ടക്കാരൻ:** സ്രാപ്പികൾ കദീശാർപ്പോനേ!
**ജനം:** മൃതിഹീനാ നീ പരിശുദ്ധൻ
**പട്ടക്കാരൻ:** പാപികളനുതാപത്തോടർഥിച്ചോതുന്നു
**ജനം:** ഞങ്ങൾക്കായ് സ്നാനമതേറ്റോനേ! കൃപ ചെയ്യേണം

പടിഞ്ഞാറ്

**പട്ടക്കാരൻ:** തീമയർ ഹാലൽ ചൊൽവോനേ!
**ജനം:** ഈശാ നീ പരിശുദ്ധൻ
**പട്ടക്കാരൻ:** ആത്മീയർ ശ്ലാഹിപ്പോനേ!
**ജനം:** ശക്താ നീ പരിശുദ്ധൻ
**പട്ടക്കാരൻ:** മണ്മയരാഘോഷിപ്പോനേ!
**ജനം:** മൃതിഹീനാ നീ പരിശുദ്ധൻ
**പട്ടക്കാരൻ:** പാപികളനുതാപത്തോടർഥിച്ചോതുന്നു
**ജനം:** ഞങ്ങൾക്കായ് സ്നാനമതേറ്റോനേ! കൃപ ചെയ്യേണം

വടക്ക്

**പട്ടക്കാരൻ:** മേലുള്ളോർ മാനിപ്പോനേ!
**ജനം:** ഈശാ നീ പരിശുദ്ധൻ
**പട്ടക്കാരൻ:** മദ്ധ്യമർ കീർത്തിക്കുന്നോനേ!
**ജനം:** ശക്താ നീ പരിശുദ്ധൻ
**പട്ടക്കാരൻ:** കീഴുള്ളോർ കൂപ്പുന്നോനേ!
**ജനം:** മൃതിഹീനാ നീ പരിശുദ്ധൻ
**പട്ടക്കാരൻ:** പാപികളനുതാപത്തോടർഥിച്ചോതുന്നു
**ജനം:** ഞങ്ങൾക്കായ് സ്നാനമതേറ്റോനേ! കൃപ ചെയ്യേണം

തെക്ക്

**പട്ടക്കാരൻ:** നാഥാ കൃപ ചെയ്തീടേണം
**ജനം:** നാഥാ കൃപ ചെയ്യുക കനിവാൽ
**പട്ടക്കാരൻ:** നാഥാ കർമ്മാർഥനകളെ നീ
കൈക്കൊണ്ടും കൃപ ചെയ്തീടേണം
**ജനം:** ദേവേശാ തേ സ്തോത്രം
**പട്ടക്കാരൻ:** സ്രഷ്ടാവേ! തേ സ്തോത്രം
**ജനം:** പാപികളാം ദാസരിലലിയും മശിഹാ രാജാവേ!
സ്തോത്രം ബാറെക്മോർ